ഉത്തരം

(എ) ഇല്ല.

(ബി) ഈ പുൽമേട്ടിലെ ചോലക്കാട്ടിൽ ചില നീർച്ചാലുകൾ ഉണ്ട്. അവ കല്ലാറിലോ കാമനയാറിലോ ചേരുന്നു.

(സി) നദികളുടെ ഉൽഭവസ്ഥലത്തു യൂക്കാലിയും അതുപോലുള്ള മറ്റു മരങ്ങളും വച്ചുപിടിപ്പിക്കുന്നുണ്ട്. ഇവകളെ പ്രതികൂലമായി ബാധിക്കുമെന്ന ശാസ്ത്രീയമായി തെളിയിച്ചിട്ടില്ല.

ബോണക്കാട് പുൽമേട് പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി

841 [1846] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, വി. സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വന വകുപ്പ് മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ബോണക്കാട് എസ്റ്റേറ്റിനു മുകളിൽ സ്ഥിതിചെയ്യുന്ന പുൽമേടിന്റെ ഏതെങ്കിലും ഭാഗം തമിഴ്നാട്ടിലെ മുണ്ടന്തുറ വന്യമൃഗ സംരക്ഷണകേന്ദ്രത്തിന്റെ പരിധിയിൽ വരുന്നതായുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നു പറയാമോ;

(ബി) ഈ പുൽമേട്ടിലെ കേരളാതിർത്തിയിൽ കിടക്കുന്ന ഭാഗം പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ കേരള സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടോ;

(സി) ഇത് പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തമിഴ്നാട്ടിലെ മുണ്ടന്തുറ വന്യമൃഗ സംരക്ഷണ കേന്ദ്രം കേരളാതിർത്തിവരെ വ്യാപിച്ചുകിടക്കുന്നു. ഇതിൽ ബോണക്കാട് എസ്റ്റേറ്റിനു മുകളിൽ സ്ഥിതിചെയ്യുന്ന പുൽമേട്ടിൽ തമിഴ്നാട്ടിൽ പെടുന്ന ഭാഗവും ഉൾപ്പെടുന്നു. ഇതിന്റെ കൃത്യമായ വിസ്തീർണ്ണം അറിയില്ല.

(ബി) ഇല്ല.

(സി) പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്ന സമയത്ത് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ബോണക്കാട് മലമുകളിൽ മരം വച്ചുപിടിപ്പിക്കാൻ നടപടി

842 [1847] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന വകുപ്പ് മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ബോണക്കാട് എസ്റ്റേറ്റിനടുത്ത മലമുകളിലെ പുൽമേട്ടിൽ മരം വയ്ക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി എത്ര തൊഴിലാളികളെ പണിയെടുക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly